കോർപ്പറേഷനിൽ കുടിവെള്ളം ലഭ്യമാക്കുന്നില്ല ; ജനങ്ങൾ പൊറുതിമുട്ടിയെന്ന് പ്രതിപക്ഷം

തൃശൂർ: കോർപ്പറേഷനിൽ കുടിവെള്ളം ലഭ്യമാക്കുന്നതിലും മാലിന്യ സംസ്കരണ രംഗത്തുമുള്ള ക്രമക്കേടിനാൽ ജനങ്ങൾ പൊറുതിമുട്ടിയെന്ന് കൗൺസിൽ യോഗത്തിൽ പ്രതിപക്ഷം ആരോപിച്ചു. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളിയുടെ സ്ഥാപനത്തിൽ നിന്നു പുതിയ ഒ.ഡബ്ല്യൂസി പ്ലാന്റ് മെഷൻ വാങ്ങുന്നതിന് വേണ്ടി കുരിയച്ചിറയിലെ ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് ഭരണ നേതൃത്വവും മേയറും ബോധപൂർവ്വം തകർത്തതാണ്.

അഞ്ചു കോടി രൂപയാണ് പ്ലാന്റ് മെഷിൻ വാങ്ങുന്നതിന് കോർപ്പറേഷൻ ചെലവാക്കുന്നത്. കമ്മീഷൻ പറ്റാൻ വേണ്ടി ഭരണ സമിതി മുംബൈയിൽ പോയി കരാർ ഉറപ്പിച്ചുവെന്നും പ്രതിപക്ഷ നേതാവ് രാജൻ.ജെ.പല്ലൻ കൗൺസിലിൽ ആരോപിച്ചു. ഹെൽത്ത് സ്റ്റാന്റിങ് കമ്മിറ്റി നിരുത്തരവാദപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

മാസങ്ങളായി കുരിയച്ചിറ ഒ.ഡബ്ല്യൂസി പ്ലാന്റിൽ ഈച്ച ശല്യം കൂടുതലാണ്. കോർപ്പറേഷൻ നേരിട്ടു നടത്തുന്നതിനെ തുടർന്നാണ് ഈച്ച ശല്യം കൂടിയത്. ജനങ്ങൾക്ക് ദ്രോഹമുണ്ടാക്കുന്ന ഒ.ഡബ്ല്യൂസി പ്ലാന്റ് അടച്ചു പൂട്ടണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ജനങ്ങൾ കുടിവെള്ളമില്ലാതെവലയുകയാണ്. കൗൺസിലർമാരോട് ജനങ്ങൾ കുടിവെള്ളം ചോദിക്കുമ്പോൾ ലോറി കേടാണെന്നും ഡ്രൈവർ ഇല്ലയെന്നും വെള്ളമുള്ള കിണർ കണ്ടെത്താൻ കഴിഞ്ഞില്ലായെന്ന് ഭരണ നേതൃത്വം പറയുന്നത്. ഗാർഹിക - വാണിജ്യ കെട്ടിടങ്ങളുടെ നികുതിയിനത്തിൽ കോർപ്പറേഷൻ ജനങ്ങളെ പിഴിയുകയാണ്. നികുതി ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നും, കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷ ആവശ്യപ്പെട്ടു. കുരിയച്ചിറ ജൈവമാലിന്യ സംസ്കരണ പ്ലാന്റിന്റെ ശോചനീയാവസ്ഥയിൽ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്കും വ്യാപാര സ്ഥാപനങ്ങളിലെ ആളുകൾക്കും ആരോഗ്യപരിരക്ഷ നൽകണമെന്നും പ്രതിപക്ഷ ഉപനേതാവ് ഇ.വി. സുനിൽരാജ് ആവശ്യപ്പെട്ടു.

ജോൺ ഡാനിയൽ, ജയപ്രകാശ് പൂവത്തിങ്കൽ, മുകേഷ് കുളപ്പറമ്പിൽ, കെ. രാമനാഥൻ, ലാലി ജെയിംസ്, സിന്ധു ആന്റോ, രെന്യ ബൈജു, നിമ്മി റപ്പായി, വിനേഷ് തയ്യിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ വടക്കുംനാഥ ക്ഷേത്രത്തിലെ ശങ്കര ജയന്തി ആഘോഷങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർ എം.ബി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.

ശങ്കര ജയന്തി ആഘോഷം

തൃശൂർ: ശ്രീ വടക്കുംനാഥ ക്ഷേത്രത്തിലെ ശങ്കര ജയന്തി ആഘോഷങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർ എം.ബി.മുരളീധരൻ ഉദ്ഘാടനം ചെയ്തു. ദേവസ്വം ബോർഡ് മെമ്പർ പ്രേംരാജ് ചൂണ്ടലത്ത് അധ്യക്ഷത വഹിച്ചു. ദേവസ്വം മാനേജർ കെ.ടി.സരിത, ദേവസ്വം അസി കമ്മീഷണർ ബിജു കുമാർ പ്രസംഗിച്ചു. ദേവസ്വം ബോർഡ് സെക്രട്ടറി പി ബിന്ദു, ഡെപ്യൂട്ടി കമ്മീഷണർ സുനിൽ കർത്താ, വടക്കുന്നാഥ ക്ഷേത്രോപദേശക സമിതി പ്രസിഡന്റ് പങ്കജാക്ഷൻ, സെക്രട്ടറി ഹരിഹരൻ പങ്കെടുത്തു. ഡോ.നിജി മനോജ് അവതരിപ്പിച്ച കല്യാണ സൗഗന്ധികം ഓട്ടൻതുള്ളൽ അരങ്ങേറി.

നാടക മത്സരം: പത്ത് നാടകങ്ങൾ തെരഞ്ഞെടുത്തു

തൃശൂർ: കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന 2023ലെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിലേക്ക് 10 നാടകങ്ങൾ തെരഞ്ഞെടുത്തു. വള്ളുവനാട് നാദം കമ്മ്യൂണിക്കേഷൻ സിന്റെ ഊഴം. അക്ഷരകല തിരുവനന്തപുരത്തിന്റെ കുചേലൻ, ദേവാ കമ്മ്യൂണിക്കേഷൻസിന്റെ ചന്ദ്രികാവസന്തം, ഗാന്ധി ഭവൻ തീയേറ്റർ ഇന്ത്യയുടെ നവോത്ഥാനം, കോഴിക്കോട് സങ്കീർത്തനയുടെ പറന്നുയരാനൊരു ചിറക്, സൗപർണിക തിരുവനന്തപുരത്തിന്റെ മണികർണിക, അമ്പലപ്പുഴ സാരഥിയുടെ രണ്ട് ദിവസം. അക്ഷര ക്രിയേഷൻസിന്റെ വാണവരുടേയും വീണവരുടേയും ഇടം, കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസിന്റെ ശാന്തം. വടകര കാഴ്ച കമ്മ്യൂണിക്കേഷൻസിന്റെ ശിഷ്ടം എന്നിവയാണ് നാടകങ്ങൾ.

നികുതി നിജപ്പെടുത്തും

തൃശൂർ: കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങളുടെ നികുതി സർക്കാർ ചട്ടമുള്ളതിൽ ഏറ്റവും കുറവ് നിജപ്പെടുത്താൻ കൗൺസിൽ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം 2023 ഏപ്രിൽ 1 മുതൽ പ്രാബല്യം നൽകി നടപ്പാക്കുന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചട്ടം പ്രകാരമുള്ള ഏറ്റവും കുറഞ്ഞ നികുതി നിജപ്പെടുത്തുന്നതിനാണ് തീരുമാനം. 37 അജണ്ടകളിൽ 6 എണ്ണം ഒഴികെ ബാക്കി എല്ലാം പാസാക്കി. മേയർ എം.കെ.വർഗീസ് അധ്യക്ഷത വഹിച്ചു.

ഓൺലൈൻ വഴി ലക്ഷങ്ങൾ തട്ടിയ മൂന്നു പ്രതികൾ പിടിയിൽ

തൃശൂർ: പണം നിക്ഷേപിച്ചാൽ പണം ഇരട്ടിപ്പിച്ചു നൽകാമെന്ന് വിശ്വസിപ്പിച്ച് കുറ്റുമുക്ക് സ്വദേശിയിൽ നിന്നു രണ്ട് ലക്ഷത്തിലധികം രൂപ തട്ടിപ്പു നടത്തിയ കേസിലെ മൂന്നു പ്രതികളെ സിറ്റി സൈബർ ക്രൈം പൊലീസ് അറസ്റ്റു ചെയ്തു. മലപ്പുറം പരപ്പനങ്ങാടി സ്വദേശിയായ ഏരിന്റെ പുരയ്ക്കൽ വീട്ടിൽ തഷ്റീഫ് (24), പരപ്പനങ്ങാടി സ്വദേശി പൂഴിക്കാരവൻ വീട്ടിൽ ഫലാൽ (30), പരപ്പനങ്ങാടി പൊക്കുവിന്റെ പുരയ്ക്കൽ വീട്ടിൽ ജംഷാദ് എന്നിവരാണ് പിടിയിലായത്. കേസിലെ ഒന്നാം പ്രതി ജനീഷ് ജബ്ബാറിനെ മുമ്പ് അറസ്റ്റ് ചെയ്തിരുന്നു കൂടുതൽ അന്വേഷണത്തിലാണ് ഇയാളുടെ കൂടെയുണ്ടായിരുന്ന മൂന്നു പ്രതികളെ പിടികൂടിയത്.കുറ്റുമുക്ക് സ്വദേശിയായ യുവാവിന്റെ ടെലഗ്രാം അക്കൌണ്ട് വഴി ജെസി എന്ന് പേര് പറഞ്ഞ് പരിചയപ്പെടുത്തി കരപ്പോയ്ന്റ്മെന്റ് റന്റ് എന്ന സ്ഥാപനത്തിന്റെ ഏജന്റാണെന്നും, സ്ഥാപനത്തിൽ പണം നിക്ഷേപിച്ച് ലാഭമുണ്ടാക്കാമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് പലതവണകളായി 2,00,841 രൂപ അക്കൗണ്ടിലേക്ക് ടവാൻസ്ഫർ ചെയ്യിപ്പിക്കുകയായിരുന്നു. പിന്നീട് പണം തിരിച്ച് ലഭിക്കുന്നില്ലെന്ന് കണ്ടപ്പോൾ തട്ടിപ്പാണെന്നു മനസിലായപ്പോഴാണ് സൈബർ ക്രൈം പൊലീസ് സ്റ്റേഷനിൽ പരാതിപെട്ടത്. അന്വേഷണസംഘത്തിൽ ഇൻസ്പെക്ടർ സുധീഷ്കുമാർ, സീനിയർ സിപിഒ വിനോദ് എൻ.ശങ്കർ, സിപിഒ അനൂപ് വി.ബി എന്നിവരും ഉണ്ടായിരുന്നു.

ദ്വിദിന ശിൽപ്പശാല

തൃശൂർ: മിമിക്രി ആർടിസ്റ്റ്സ് അസോസിയേഷൻ ഓഫ് തൃശൂരിന്റെ ആഭിമുഖ്യത്തിൽ 13, 14 തീയതികളിൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ദ്വിദിന ശബ്ദാനുകരണ ശിൽപ്പശാല നടത്തും. 13ന് രാവിലെ 9.30ന് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം നിർവഹിക്കും. അസോസിയേഷൻ പ്രസിഡന്റ് കെ.ടി. കൃഷ്ണകുമാർ അധ്യക്ഷത വഹിക്കും. സിനിമാ താരം ടിനി ടോം മുഖ്യാതിഥിയായിരിക്കും. മിമിക്രിയുടെ ചരിത്രം, മിമിക്രി പരിശീലനം, ആങ്കറിങ്, തിയേറ്റർ, സ്റ്റാൻപ് കോമഡി, മോണോ ആക്ട്, റേഡിയോ ജോക്കി, സ്കിറ്റ് ആൻഡ് സ്ക്രിപ്റ്റ്, സ്റ്റേജ് മാനേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ മിമിക്രി, ഇതര കലാമേഖലയിലെ പ്രഗത്ഭർ ക്ലാസുകളെടുക്കും. ഇതോടൊപ്പം മിമിക്രിയുമായി ബന്ധപ്പെട്ട ശേഖരങ്ങളുടെ പ്രദർശനവുമുണ്ടാകും. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്കാണ് പ്രവേശനം.14ന് വൈകിട്ട് നാലിന് സമാപന സമ്മേളനം സിനിമ സീരിയൽ താരം ഷാജു ശ്രീധർ ഉദ്ഘാടനം ചെയ്യും. സിനിമ- മിമിക്രി താരം മനോജ് ഗിന്നസ് വിശിഷ്ടാതിഥിയാകും. ശിൽപ്പശാലയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും കലാപരിപാടികളും ഉണ്ടാകും. വാർത്താസമ്മേളനത്തിൽ കെ.ടി. കൃഷ്ണകുമാർ, കലാഭവൻ ജയൻ, കലാഭവൻ സലീം, വിൻസെന്റ് ചിത്രം വിനോദ് പി. വിജയ് പങ്കെടുത്തു.

സംഗീതസാഹം ഇന്ന്

തൃശൂർ: തൃശൂർ രാഗചിത്രയുടെ നേതൃത്വത്തിൽ ഇന്ന് തൃശൂർ റീജിയണൽ തിയേറ്ററിൽ പഴയ സിനിമാ ഗാനങ്ങൾ ഉൾക്കൊള്ളിച്ച് മധുരസ്മരണ എന്ന പേരിൽ സംഗീതസാഹം നടത്തും. വൈകിട്ട് അഞ്ചിന് ജിമ്മി മാത്യു ഉദ്ഘാടനം ചെയ്യും. ഗവ. മോഡൽ ബോയ്സ് സ്കൂളിലെ പാട്ടുകാരായ കുട്ടികളുടെ പ്രോത്സാഹനത്തിനായി 2012ൽ രൂപംകൊണ്ട രാഗചിത്രയുടെ പത്താമത് പ്രോഗ്രാമാണിത്. ഓർക്കസ്ട്രയുടെ അകമ്പടിയോടെ 13 പേർ 26 പാട്ടുകൾ പാടും. പ്രവേശനം സൗജന്യമാണ്. പത്രസമ്മേളനത്തിൽ കോ ഓർഡിനേറ്റർ പി.ജി. ഉഷ, പി.എ. തോമസ്, പി. കൃഷ്ണകുമാർ, വി.വി. രാജീവ്, പ്രമോദ് പടിയത്ത് എന്നിവർ പങ്കെടുത്തു.

പുരസ്കാരം നൽകും

തൃശൂർ: ഇന്റർനാഷണൽ ഫൗണ്ടേഷൻ ഓഫ് സോഷ്യൽ എംപൗർമെന്റിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണ, സാമൂഹിക ശാക്തീകരണ രംഗങ്ങളിൽ സേവനം കാഴ്ചവച്ചവർക്ക് ദേശീയപുരസ്കാരം നൽകും. 12ന് രാവിലെ 10ന് നന്തിക്കര തേജസ് ഓഡിറ്റോറിയത്തിൽ 47 വ്യക്തികൾക്കും മൂന്നു സംഘടനകൾക്കുമാണ് അവാർഡ് നൽകുക. മൊമെന്റോയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരം. ഇതോടൊപ്പം ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ കാർബൺ ന്യൂട്രൽ ക്ലബിന്റെ ഉദ്ഘാടനം പദ്മശ്രീ മീനാക്ഷിമ്മ ഗുരുക്കൾ നിർവഹിക്കും. കോവിൽമല ആദിവാസി രാജാവ് രാമൻ രാജമന്നൻ മുഖ്യാതിഥിയാകും. ക്ലബ് പ്രസിഡന്റ് കെ. ഗണേശൻ അധ്യക്ഷത വഹിക്കും. കലാ-കായിക അഭ്യാസപ്രകടനങ്ങളും ഉണ്ടാകും. വാർത്താ സമ്മേളനത്തിൽ കെ. ഗണേശൻ, ദിവ്യ ആർ. നായർ, എം.ജി. രാജേഷ് പങ്കെടുത്തു..

വിഗ്രഹ പ്രതിഷ്ഠ നടത്തി

തൃശൂർ: ഷൊർണൂർ റോഡിലുള്ള വടക്കേ സമൂഹ മഠത്തിൽ നൂതന വിഗ്രഹ പ്രതിഷ്ഠ നടന്നു. പുതിയ പ്രതിഷ്ഠകളായ മഹാലക്ഷ്മി, സ്വാമി അയ്യപ്പൻ എന്നീ ദേവി ദേന്മാരുടെ പ്രതിഷ്ഠയാണ് മഹോപാധ്യായ ശ്രീ ശേഷാദ്രി ശാസ്ത്രികളുടെ നേതൃത്വത്തിൽ നടത്തിയത്. പൂജിച്ച കലശം കുഭാഭിഷേകം ഉണ്ടായി. ഇതോടെ 3 ദിവസമായി നടന്ന കലശ പരിപാടികൾക്ക് സമാപനമായി. സമൂഹ മഠം പ്രസിഡന്റ് കെ. എം.പരമേശ്വരൻ, സെക്രട്ടറി വി. ജി. ചിദംബരം നേതൃത്വം നൽകി. സമൂഹ മഠത്തിൽ ഇനി മുതൽ പൊതു ജനങ്ങൾക്ക് മഹാലക്ഷ്മി ദേവിയെ ദർശിക്കാം.

പ്രതിഷ്ഠാദിന മഹോത്സവം

ചാലക്കുടി: മുരിങ്ങൂർ ശ്രീ ചീനിക്കൽ ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന മഹോത്സവം ഇന്ന് ആഘോഷിക്കും. രാവിലെ 7ന് ദേവീ ഭാഗവത പാരായണം, കലശാഭിഷേകം, ഉച്ചപൂജ, വൈകിട്ട് വിശേഷാൽ ഭഗവതി സേവ, ദീപാരാധന, പിറന്നാൾ സദ്യ, അത്താഴ പൂജ നടക്കും.

അറിയിപ്പ്

KL 08 BF 7900, M/ CAR വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ SANOOJ B, SREEVALSAM, POOVANI, KOLAZHY, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതിമുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്.

എന്ന്

ഒപ്പ്

അഡിഷണൽ രജിസ്റ്ററിങ് അതോറിറ്റി

തൃശ്ശൂർ

ഗൃഹനാഥനെ കരുതൽ തടവിലാക്കി വീട് ജപ്തി ചെയ്തു

വീട്ടുകാരെ വാതിൽ തകർത്ത് പുറത്തെത്തിച്ച് പൊലീസ്

അന്തിക്കാട്: ഗൃഹനാഥനെ കരുതൽ തടവിലാക്കി പൊലീസ് സന്നാഹത്തോടെ ബാങ്ക് അധികൃതർ വീട് ജപ്തി ചെയ്തു. പുത്തൻപീടിക സ്വദേശി ചക്കിത്തറ വീട്ടിൽ സുരേഷ് (55) കുടുംബസമേതം താമസിച്ചിരുന്ന വീടാണ് ജപ്തി ചെയ്തത്. ബാങ്കുകാർ ജപ്തിക്കെത്തിയപ്പോൾ സുരേഷിന്റെ കുടുംബം പെട്രോൾ ഒഴിച്ച് ആത്മഹത്യാ ഭീഷണി മുഴക്കി. വാതിൽ തകർത്ത് അകത്തു കടന്നാണ് കുടുംബത്തെ പൊലീസ് വീടിന് പുറത്തെത്തിച്ചത്.ബഹറിനിൽ ജോലി ചെയ്തിരുന്ന സുരേഷ് വർഷങ്ങൾക്ക് മുമ്പ് നാട്ടിലെത്തുമ്പോൾ ബാങ്കിലെ കടബാധ്യത പലിശ അടക്കം 40 ലക്ഷം രൂപയായിരുന്നു. എസ്ബിഐ ബാങ്കിന്റെ വടക്കാഞ്ചേരി ശാഖയിൽ നിന്നായിരുന്നു വായ്പ എടുത്തിരുന്നത്. പലവിധ കൃഷികൾ നടത്തി നോക്കിയെങ്കിലും ഒന്നിലും രക്ഷപ്പെട്ടില്ല. തുടർന്ന് ബാധ്യത അവസാനിപ്പിക്കാൻ കാട്ടൂരിലുള്ള ഒരാൾക്ക് വീട് രജിസ്റ്റർ ചെയ്തു നൽകി ബാങ്കിലെ ബാധ്യത തീർത്തു. അയാളുടെ പേരിൽ രണ്ടു പേരും കൂടി 1 കോടി 32 ലക്ഷം രൂപ വായ്പയെടുത്തു. ബാങ്കിലെ വായ്പ അടച്ചു തീരുമ്പോൾ സുരേഷിന് ആധാരം തിരിച്ച് നൽകാമെന്ന വ്യവസ്ഥയായിരുന്നുവെന്ന് പറയുന്നു.

സുരേഷിന്റെ വീടിനകത്തേക്ക് വാതിൽ തകർത്ത് കടക്കാൻ പൊലീസ് ശ്രമിക്കുന്നു .

താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥാവകാശം മാറിയതോടെ സുഹൃത്തിന് സുരേഷ് ഒരു ലക്ഷം രൂപ നൽകി 5 വർഷത്തേക്ക് വീടും മുൻവശത്തുള്ള കടമുറിയും ലീസിന് എടുത്തു. വായ്പയുടെ തിരിച്ചടവ് ഒരുവർഷം മുമ്പ് മുടങ്ങിയതോടെ ബാങ്ക് നടപടികൾ ആരംഭിച്ചു. ജപ്തിയിലേക്ക് നീങ്ങിയതോടെ സുരേഷ് എന്തെങ്കിലും ആത്മഹത്യാ പ്രവണതയെ മറ്റോ കാണിക്കുമെന്ന് പൊലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം ഇന്നലെ സുരേഷിനെ അന്തിക്കാട് പൊലീസ് കരുതൽ തടവിലാക്കി.തുടർന്ന് ഇരുപതിൽപരം പോലീസുകാരുടെ അകമ്പടിയിൽ ബാങ്കുകാർ വീട് ജപ്തി ചെയ്യാനെത്തിയപ്പോൾ സുരേഷിന്റെ ഭാര്യയും രണ്ടു പെൺമക്കളും ആൺമക്കളും ചേർന്ന് ആത്മഹത്യാ ഭീഷണി മുഴക്കി വീടിന്റെ വാതിലടച്ചു. തുടർന്ന് പൊലീസ് കോൺക്രീറ്റ് കട്ട ഉപയോഗിച്ച് വാതിൽ തകർത്താണ് അകത്തു കടന്നത്. കുടുംബാംഗങ്ങളെ പുറത്തെത്തിച്ചു ശേഷം ബാങ്കുകാർ ജപ്തി നടപടികൾ പൂർത്തിയാക്കി.വീട് മറിച്ചു വിൽക്കാനുള്ള സാവകാശം ബാങ്ക് അധികൃതർ നൽകിയില്ലെന്നും പിന്നിൽ മറ്റു കച്ചവട മാഫിയകൾ ഉണ്ടെന്നും സുരേഷ് ആരോപിക്കുന്നു.

ബിജെപി ധർണ

ചാലക്കുടി: ചാലക്കുടി പുഴയിലേക്ക് രാസമാലിന്യം ഒഴുകുന്ന മേലൂരിലെ പൂലാനി കാൾസ് ബ്രൂവറീസ് കമ്പനിക്കെതിരേ അടിയന്തിര നടപടിസ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.പി മേലൂർ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തി. കൊരട്ടി മണ്ഡലം പ്രസിഡന്റ് സജീവ് പള്ളത്ത് ഉദ്ഘാടനം ചെയ്തു. മേലൂർ. പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.എൻ. ബാബു അധ്യക്ഷത വഹിച്ചു.

ബസും ടോറസ് ലോറിയും കൂട്ടിയിടിച്ച് 12 പേർക്ക് പരുക്ക്

കുന്നംകുളം: കുറുക്കൻപാറയിൽ കെഎസ്ആർടിസി ബസും ടോറസ് ലോറിയും കൂട്ടിയിടിച്ച് 12 പേർക്ക് പരുക്കേറ്റു. ഇവരിൽ ഇരുവാഹന ഡ്രൈവർമാരുടെ നില ഗുരുതരമാണ്. ഇന്നലെ പുലർച്ചെ നാലോടെയാണ് അപകടം. ഗുരുവായൂരിൽ നിന്നു കുന്നംകുളം വഴി കൊട്ടാരക്കരയിലേക്ക് പോവുകയായിരുന്ന ബസ് എതിർ ദിശയിൽ നിന്നു വരികയായിരുന്ന ടോറസിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഇരുവാഹനങ്ങളുടെയും മുൻവശം തകർന്നു. പരുക്കേറ്റവരെ കുന്നംകുളം നന്മ, ലൈഫ് കെയർ, 108 എന്നി ആംബുലൻസുകളിലെ ജീവനക്കാർ ചേർന്ന് കുന്നംകുളംതാലൂക്ക് ആശുപത്രിയിലും നഗരത്തിലെ സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിച്ചു. ശക്തമായ മഴയെ തുടർന്ന് ബസ് ഡ്രൈവർക്ക് നിയന്ത്രണം നഷ്ടപ്പെട്ടതാണ് ടോറസിൽ ഇടിക്കാൻ കാരണമായത്. ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ ടോറസിന്റെ മുൻവശം വെട്ടിപ്പൊളിച്ചാണ് ഡ്രൈവറെ പുറത്തെടുത്തത്. കുന്നംകുളം അഗ്നിരക്ഷാസേനയും പൊലീസും സ്ഥലത്തെത്തി രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി.

പ്രഭാഷണ പരമ്പര

കൊടകര: കണ്ടംകുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ പതിനൊന്നാമത് ദശാവതാരം ചന്ദനം ചാർത്തു മഹോത്സവവും പ്രഭാഷണ പരമ്പരയും ആരംഭിച്ചു. ക്ഷേത്രം തന്ത്രി അഴകത്തു മനക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരി, മേൽശാന്തി ചുള്ളി മംഗലത്തമന വാസുദേവൻ നമ്പൂതിരി മുഖ്യ കാർ മികരായി.

TATA

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

റെജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, മഹാരാഷ്ട്ര വിലാസം: ട്രിപ്പിൾ ടേഡ് സെന്റർ, കുഴിപ്പും റോഡ്, തൃശൂർ-680001.

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വായിക്കുക. സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

ലോൺ അക്കൗണ്ട് നമ്പർ.21001828, TCFLA04710000109708 27: ശ്രീ. സന്തോഷ് ജേക്കബ് ഇ

50) ക്യാപ്പിറ്റൽ ലിമിറ്റഡ് (ടി സി എൽ) കമ്പനി ആക്റ്റ് 1956-ലെ വകുപ്പുകൾ പ്രകാരം ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണെന്നും , 50) ക്യാപ്പിറ്റൽ ലിമിറ്റഡ് പെനിൻസുല ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400013. എന്നതിൽ അണിയിക്കാം ഒരിടത്ത് ഓഫീസുമുണ്ടെന്നും , കൊച്ചിയിലെ ഒറ്റ സ്ഥലത്തിൽ ഒരു ബ്രാഞ്ച് ഓഫീസ് (ബ്രാഞ്ച് ഓഫീസ് ഫ്ലോർ, ജോൺ ടവർ-ടി, എൻട്രി 17, നിയർ ഗ്രേറ്റ ഹാൾ, ഇടപ്പള്ളി, കൊച്ചി - 682024 ഉണ്ടെന്നും. ഇതിനാൽ അറിയിക്കുന്നു

കമ്പനി ആക്റ്റ്, 2013 (യുകളിൽ പറയത്തക്ക നിർവ്വചിച്ച ഒറ്റ ബോഡികളായ വ്യവസ്ഥകൾ എന്നിവയോടൊപ്പം വായിക്കുക) 230 മുതൽ 232 വരെയുള്ള വകുപ്പുകൾ പ്രകാരം 50) ക്യാപ്പിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും (TCFSL) 50) ഫിനാൻഷ്യൽ ക്യാപ്പിറ്റൽ ലിമിറ്റഡും (TCCL) 50) ക്യാപ്പിറ്റൽ ലിമിറ്റഡ് സാക്ഷാൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) യുടെ 24.11.2023 ലെ ഓർഡറുകൾ പ്രകാരം ഇഷ്ടദാന മുഖേനയുള്ള കൂടാതിരിക്കുകയും , നിലവിൽ ട്രാൻസ്ഫറാകാൻ കമ്പനികളുടെ , എല്ലാ ആസ്തികൾ, ആസ്തികൾ, അവകാശങ്ങൾ, ആസ്തികളുടെയോ, പലിശ, കടങ്ങൾ, ബാധ്യതകൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ എന്നിവയോടൊപ്പം 01.01.2024 പ്രകാരം പ്രസ്തുത ഓർഡറിനും നിർമ്മിതിനും അനുസൃതമായി, TCL-നായി ലയിച്ചിട്ടുള്ള TCFSL നടപ്പിലാക്കിയ എല്ലാ ഭൂമികളും ബന്ധപ്പെട്